## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4085 — 12.12.2018 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം

ചോദ്യം
ശ്രീ.മുരളി പെരുനെല്ലി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സീസണിലെ നെല്ല് സംഭരണത്തിനായി തൃശ്ശൂർ ജില്ലയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ നെല്ലുസംഭരണം കൃത്യമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ട പാഡി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നെല്ലിന്റെ സംഭരണ വിലയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | 2017-18 സീസണിൽ കിലോ ഗ്രാമിന് നൽകിയിരുന്ന 23.30 രൂപ, രണ്ട് രൂപ വർദ്ധനവ് വരുത്തി 25.30 രൂപയാക്കിയിട്ടുണ്ട്. |
| (സി) | നെല്ല് സംഭരണം സുഗമമാക്കുന്നതിന് കർഷക സംഘടന പ്രതിനിധികളുടെയും മില്ലുടമകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജില്ലാതല യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ആവശ്യമായിവരുന്നപക്ഷം കർഷക സംഘടന പ്രതിനിധികളുടെയും, മില്ലുടമകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജില്ലാതല യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ